**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10** **08-08-2023 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ റൂൾ വഴിയുള്ള പി.എസ്.സി. നിയമനങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പി.എസ്.സി മുഖേന അല്ലാതെ നിയമനങ്ങൾ നടത്തുന്ന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സഹകരണ മേഖല സ്ഥാപനങ്ങൾ, മറ്റു സർക്കാർ ഏജൻസികൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാരിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ട് വരുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ നിയമനങ്ങൾ നടത്തുന്നത് ആരാണെന്ന് അറിയിക്കാമോ; എങ്കിൽ ഇത്തരം നിയമനങ്ങൾക്കുള്ള മാനദണ്ഡം വിശദീകരിക്കാമോ; | (ബി) | സർക്കാരിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി യുടെ പരിധിയിൽ കൊണ്ട് വരുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (സി) | സംസ്ഥാനത്ത് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇത്തരം സ്ഥാപനങ്ങളിൽ അടിയന്തരമായി സ്പെഷ്യൽ റൂൾ നടപ്പാക്കാനും നിയമനങ്ങൾ സുതാര്യമാക്കി പി.എസ്.സി. മുഖേന നടത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | നിയമനങ്ങൾ പി.എസ്.സി ക്കു വിട്ട സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേന നിയമനം നടത്തുന്നതിന് നിയമന ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകൾ നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി മുഖേന ആക്കിയ പല പൊതു മേഖലാ സ്ഥാപനങ്ങളും ഇപ്പോഴും നേരിട്ട് നിയമനം നടത്തുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നിയമനം നടത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമനങ്ങൾ പി.എസ്.സി ക്കു വിട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നിയമന ചട്ടങ്ങൾ തയ്യാറാക്കിയ ശേഷം പി.എസ്.സി മുഖേന മാത്രമേ നടത്താൻ പാടുള്ളൂവെന്നും അതുവരെയുള്ള കാലയളവിൽ ഭരണപരമായ പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നും ടി കാലയളവിൽ ടി തസ്തികകളിലേക്ക് സ്ഥിര നിയമനങ്ങൾ നടത്തരുതെന്നും **08.08.2018ലെ ഉപ.സി-1 /208/17/ഉ.ഭ.പ.വ നമ്പർ സർക്കുലർ** മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ